**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 932** **31-01-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പദ്ധതിക്ക് ദേവസ്വം ഭൂമി വിട്ടു നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ നഗരസഭയിലെ ശാസ്താംകോണം കുടിവെള്ള പദ്ധതിക്ക് ബൂസ്റ്റർ ടാങ്ക് നിർമ്മിക്കുന്നതിന് തൃക്കോതേശ്വരം ക്ഷേത്രത്തിനോട് ചേർന്ന സ്ഥലം അനുവദിക്കുകയും പ്രതിമാസം 1875 രൂപ വാടക നിശ്ചയിക്കുകയും ചെയ്ത് ദേവസ്വം ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥലത്തിന് വാടക നിയമപരമായി അടയ്ക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ജല അതോറിറ്റിയും മുനിസിപ്പാലിറ്റിയും അറിയിച്ചതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എം.എൽ.എ.ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ അനുവദിക്കുകയും പതിനായിരത്തോളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതുമായ പ്രസ്തുത പദ്ധതി നടത്തിപ്പിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ഭൂമി സൗജന്യമായി വിട്ടുനല്കുന്നതിനുള്ള അനുകൂല തീരുമാനങ്ങൾ സ്വീകരിയ്ക്കുമോ; വിശദമാക്കാമോ? | (ബി) | ഡി.ബി.പി. 76/2009 ലെ ബഹു. ഹൈക്കോടതിയുടെ 04.02.2010 ലെ വിധിന്യായത്തിൽ, ദേവസ്വം ഭൂമി നിയമപരമായ മാർഗ്ഗങ്ങളിലൂടെ കോടതി ഉത്തരവ് പ്രകാരം മാത്രമെ സർക്കാരിന് ഏറ്റെടുക്കാൻ കഴിയൂ എന്ന് ഉത്തരവായിട്ടുണ്ട് എന്നും ആകയാൽ പ്രസ്തുത പദ്ധതി നടത്തിപ്പിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും സൌജന്യമായി ഭൂമി വിട്ടു നൽകുന്നതിന് സാങ്കേതിക തടസ്സമുള്ളതായും ബോർഡ് അറിയിച്ചിട്ടുണ്ട്. കോടതിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ട് വന്ന് പരിഹരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ